# ലോകരക്ഷക്കായി മനമുരുകി പ്രാർത്ഥിക്കുക.

## മുസ്‌ലിം രാഷ്ട്രങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഖിലാഫത്ത് സംവിധാനം മാത്രം

ആഗോള ഇസ്‌ലാമിനുവേണ്ടി ദുആ ചെയ്യുന്നതിലേക്ക് ഇന്ന് ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാനാഗ്രഹിക്കുകയാണ്. മുസ്‌ലിംകളോടുള്ള സഹാനുഭൂതി ഇന്ന് ആവശ്യപ്പെടുന്നത്, ഒരഹ്‌മദിക്ക് നബി ﷺ യോടുള്ള സ്നേഹം ആവശ്യപ്പെടുന്നത്,നബി ﷺ യുമായി ബന്ധപ്പെടുത്തിക്കൊണ്ട് കലിമ ഉച്ചിരിക്കുന്നവർക്കും മുസ്‌ലിം എന്ന് പറയുന്നവർക്കും മുസ്‌ലിം ആയതിന്റെ പേരിൽ നാശനഷ്ടങ്ങൾക്ക് പാത്രീഭൂതരായിത്തീരുന്നവർക്കും വേണ്ടി അതുമല്ലെങ്കിൽ ഏതെല്ലാം മുസ്‌ലിം നാടുകളിൽ അസ്വസ്ഥതയും അരാജകത്തവും നിലവിലുണ്ടോ അവർക്കെല്ലാവർക്കും വേണ്ടി യഥാർത്ഥ മുസ്‌ലിമായ ഒരു അഹ്‌മദി അവരുടെ നന്മക്കായി പ്രാർത്ഥനാനിരതനാകേണ്ടതാണ്. കാലത്തിന്റെ ഇമാമിനെ അംഗീകരിച്ചവരാണ് നാം. അതുകൊണ്ട് മുസ്‌ലിംകളോടുള്ള സഹാനുഭൂതി ഏറ്റവും കൂടുതൽ പ്രകടിപ്പിക്കുക എന്നത് നമ്മുടെ കടമയാകേണ്ടതാണ്. ബൈഅത്ത് പ്രതിജ്ഞയിൽ മാനവലോകത്തോട് പൊതുവിൽ സഹാനുഭൂതി പ്രകടിപ്പിക്കും എന്ന് നാം പറയുമ്പോൾ മുസ്‌ലിംകളോട് അധികമായി സഹാനുഭൂതി പ്രകടിപ്പിക്കുന്നവരായി നാം മാറേണ്ടതാണ്.

മുസ്‌ലിംകളെയോ ഏതെങ്കിലും ഭരണകൂടത്തെയോ ആവശ്യഘട്ടങ്ങളിൽ ഭൗതികമായി സഹായിക്കുവാൻ നമ്മുടെപക്കൽ ഭരണകൂടമോ സാധനസമ്പത്തുകളോ ഇല്ല. പ്രത്യേകിച്ച് ഇപ്പോൾ ചില നാടുകളുടെ പരിതാപകരമായ അവസ്ഥ കാണുമ്പോൾ അവിടെപോയി സഹായിക്കുവാനുള്ള കഴിവൊന്നും ഭൗതികമായി നമുക്കില്ല. എന്നാൽ നമുക്ക് അവർക്കായി ദുആ ചെയ്യാൻ സാധിക്കുന്നതാണ്. ഇതിനായി ഓരോ അഹ്‌മദിയും ശ്രദ്ധിക്കേണ്ടതാണ്. ഈ പ്രശ്നങ്ങളുള്ള നാടുകളിൽ വസിക്കുന്ന അഹ്‌മദികളും നാട്ടുകാരായ അഹ്‌മദികളും അവർ പ്രാർത്ഥിക്കുന്നതോടൊപ്പം ഭരണാധികാരികളുമായും രാഷ്ട്ര തന്ത്രജ്ഞരുമായും ബന്ധം പുലർത്താൻ കഴിയുന്നവരാണെങ്കിൽ അവരെക്കണ്ട് കാര്യങ്ങൾ ധരിപ്പിക്കുക. നിങ്ങൾ സ്വന്തം താൽപര്യങ്ങളെ പിൻപുറം തള്ളി സമൂഹ താൽപര്യത്തിന് മുന്തിയ പരിഗണന നൽകുക എന്ന് അവരോട് പറയുക.

എന്നാൽ പൊതുവിൽ മുസ്‌ലിം ഭരണാധികളും നേതാക്കളും അധികാരത്തിൽ വരുമ്പോൾ സൃഷ്ടികളോടുള്ള കടമകളും തങ്ങളുടെ ഉത്തരവാദിത്വങ്ങളും മറന്നുപോകുന്നു. ഇതിന്റെ പ്രധാന കാരണം തഖ്‌വയുടെ കുറവാണെന്നത് നഗ്നമായ സത്യമാണ്. ഏതൊരു പ്രവാചകനുമായാണോ മുസ്‌ലിംകൾ തങ്ങളെ ബന്ധപ്പെടുത്തുന്നത്, ഏതൊരു വിശുദ്ധ ഖുർആനിൽ വിശ്വസിക്കുന്നുവെന്നും അത് പഠിക്കുന്നു എന്നുമാണോ അവർ വാദിക്കുന്നത് അതിന്റെ അടിസ്ഥാന കൽപനകളെപ്പോഴും അവർ മറന്ന് കളയുന്നു. അതിന്റെ അടിസ്ഥാനതത്ത്വം നിങ്ങൾക്കും മറ്റുള്ളവർക്കും ഇടയിലുള്ള വ്യതിരിക്തത തഖവയാണ് എന്നാണ്. ഈ വ്യതിരിക്തത ഇല്ലാതായിക്കഴിഞ്ഞപ്പോൾ ഭൗതികതത്പരതയും ഐഹീകാഢംഭരവും അവരെ കീഴ്പ്പെടുത്തി. അവർ മുസ്‌ലിം എന്ന പേരും ഇസ്‌ലാമിന്റെ സംജ്ഞയും ഉപയോഗിക്കുന്നു.എന്നാൽ ഇസ്‌ലാമിന്റെ പേരുംപറഞ്ഞ് സൃഷ്ടാവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും ചവിട്ടിമതിക്കുകയാണ് ഇവർ ചെയ്യുന്നത്. സമ്പത്തിനെയും അധികാരദുർഭൂതത്തേയും ശക്തിയുടെ ലഹരിയേയും അല്ലാഹുവിന്റെ കൽപനകളേക്കാളും പ്രാമുഖ്യം നൽകുന്നു. സമ്പത്തിന്റെ സംരക്ഷണത്തിനായും അധികാരം ശക്തിപ്പെടുത്തുന്നതിനായും വിദേശ ശക്തികളെ ആശ്രയിച്ചു കഴിയുന്നു. വിദേശശക്തികളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിന് സ്വന്തം നാട്ടുകാരുടെയും മുസ്‌ലിം ഉമ്മത്തിന്റെയും താത്പര്യ സംരക്ഷണത്തേക്കാൾ മുൻഗണന നൽകേണ്ടി വരുന്നു. ഇതിന്നായി ആവശ്യം വന്നാൽ സ്വന്തം നാട്ടുകാരോട് അതിക്രമം പ്രവർത്തിക്കാൻപോലും അവർ മടികാണിക്കുന്നില്ല.

സമ്പത്തിനോടുള്ള അത്യാർത്ഥി ഭരണതന്ത്രജ്ഞരെ സ്വാർത്ഥ തൽപരരാക്കിമാറ്റുകയും സ്വന്തം ഖജനാവ് നിറക്കുക എന്നല്ലാതെ സമസൃഷ്ടികളുടെ കടമ പാലനത്തിൽ അൽപംപോലും ശ്രദ്ധയില്ലാത്ത അവസ്ഥയിലേക്ക് അവരെ കൂപ്പുകുത്തിക്കുകയും ചെയ്തിരിക്കുന്നു. നൂറ് തനിക്ക് വേണ്ടി എടുക്കുമ്പോൾ ഒന്നായിരിക്കും മറ്റുള്ളവർക്കായി അവർ നീക്കിവെക്കുന്നത്. പുറത്തുവന്നുകൊണ്ടിരിക്കുന്ന വാർത്തകളിൽ നിന്ന് മനസ്സിലാകുന്നത് ഒരു രാഷ്ട്രനേതാവ് നൂറുകണക്കിന് കിലോഗ്രാം സ്വർണ്ണം പുറത്തേക്ക് എടുത്ത് മാറ്റുകയുണ്ടായി. ഇതിൽ നിന്നും മനസ്സിലാകുന്നത് ചിലർ തങ്ങളുടെ നിലവറ കനകം കൊണ്ട് നിറച്ചിരിക്കുന്നു. മറ്റു ചിലർ സ്വിസ് ബാങ്കുകളിൽ സ്വന്തം പേരിൽ രാജ്യത്തിന്റെ സമ്പത്ത് ശേഖരിച്ചുവെച്ചിരിക്കുകയാണ്. ഇനി വേറെ ചിലർ വിദേശരാജ്യങ്ങളിൽ കണക്കില്ലാത്ത സ്വത്ത് സമ്പാദിച്ചുവെച്ചിരിക്കുന്നു. എന്നാൽ അവരുടെ നാട്ടുകാർ ഒരുനേരത്തെ ഭക്ഷണത്തിന് വകയില്ലാതെ നെട്ടോട്ടമോടുന്നു. ഇത് അറബ്നാടുകളിലെ മാത്രം അവസ്ഥയല്ല. പാക്കിസ്ഥാനെ എടുത്തുനോക്കൂക. അവിടെ വിലക്കയറ്റം അതിരൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. സാധാരണക്കാരിൽ പലരും ഒരു നേരത്തെ ഭക്ഷണത്തിനുപോലും വിഷമിച്ചു കഴിയുമ്പോൾ അവിടത്തെ നേതാക്കന്മാർ അവരുടെ തെരുവുകൾ അലങ്കരിക്കുന്നതിനും മറ്റും പൊതുമുതലിൽ നിന്ന് ലക്ഷക്കണക്കിന് രൂപയുടെ ഷോപ്പിങ്ങ് നടത്തികൊണ്ടിരിക്കുകയാണ്.

പാക്കിസ്ഥാനാണെങ്കിലും ശരി, മധ്യ പൗരസ്ത്യ ദേശത്തെ നാടുകളാണെങ്കിലും ശരി, അതല്ല ആഫ്രിക്കയിലെ ചില നാടുകളാണെങ്കിലും അവിടങ്ങളിലെ മുസ്‌ലിം നേതൃത്വങ്ങൾ, അവർക്ക് ഒരു വഴികാട്ടിയും സജീവമായ ഒരു ഗ്രന്ഥവും ശരീഅത്തും സുന്നത്തും എല്ലാം അതിന്റെ യഥാർത്ഥ അവസ്ഥയിൽ നിലനിൽക്കുന്നത് ഉണ്ടായിട്ടും അതിൽനിന്ന് നിരന്തരം മാർഗനിർദ്ദേശങ്ങൾ ലഭിച്ചുകൊണ്ടിരുന്നിട്ടുപോലും സൃഷ്ടാവിനോടുള്ള കടപ്പാടും സൃഷ്ടികളോടുള്ള കടപ്പാടും നിർവ്വഹിക്കാതെ എല്ലാം കാറ്റിൽ പറത്തുകയാണ് ചെയ്യുന്നത്. ഇവർ മറ്റു മുസ്‌ലിം രാഷ്ട്രങ്ങളെ സഹായിക്കുന്നതിരിക്കട്ടെ സ്വന്തം നാട്ടുകാരുടെ സമ്പത്ത് പോലും കൊള്ളയടിച്ചുകൊണ്ടിരിക്കുകയാണിവർ. ഇങ്ങിനെയുള്ളവർ തഖ്‌വയിൽ നിലനിന്നുകൊണ്ട് ഭരണം നടത്തും എന്ന് എങ്ങനെ നമുക്ക് പ്രതീക്ഷിക്കാൻ സാധിക്കും?! അതുമല്ലെങ്കിൽ ഇവർക്ക് ഭരണം നടത്താൻ സാധിക്കും എന്ന് നമുക്കെങ്ങനെ കണക്കു കൂട്ടാൻ കഴിയും. ഇവർ നാട്ടിൽ ഫസാദും അസ്വസ്ഥജനകമായ അന്തരീക്ഷവും സൃഷ്ടിക്കുന്നവരായിത്തീരുമെന്നല്ലാതെ, അധികാര ശക്തിയുടെ ഹുങ്കിൽ കുറച്ച്കാലം ഭരണം നടത്താൻ ഇവർക്ക് കഴിയണമെന്നല്ലാതെ, സാധാരണ ജനങ്ങൾക്ക് സമാധാനം നൽകുന്നവരായി ഒരിക്കലും മാറില്ല. ഇങ്ങനെയുള്ള അവസ്ഥവരുമ്പോൾ തീർച്ചയായും ഇതിന്റെയെല്ലാം ഒരു പ്രതിക്രിയ പ്രത്യക്ഷമാകും എന്നത് വാസ്തവമാണ്. അത് പെട്ടെന്ന് പൊട്ടിപുറപ്പെടുകയാണെന്നാണ് തോന്നുക. എന്നാൽ ഇതൊന്നും പൊടുന്നനെ പൊട്ടിപുറപ്പെടുന്നതല്ല. മുമ്പെ അകത്തളത്തിൽ ഒരു ലാവ രൂപപ്പെടുന്നുണ്ടാകും. അത് ചില നാടുകളിൽ പ്രത്യക്ഷപ്പെടാൻ

തുടങ്ങിക്കഴിഞ്ഞു. മറ്റു ചില നാടുകളിൽ അതിന്റെ സമയത്ത് അത് പ്രത്യക്ഷമാകുന്നതാണ്. ഈ അഗ്നിപർവ്വതം പൊട്ടുമ്പോൾ ശത്രുരേയും ദ്രോഹികളെയും എല്ലാം എരിച്ചുകളയുന്നതാണ്. ഈ പ്രതിക്രിയക്ക് പ്രത്യേകമായ പ്രവർത്തന രൂപരേഖയൊന്നും ഇല്ലാത്തതുകൊണ്ട് മർദ്ധകന്നെതിരിലുള്ള മർദ്ധിതന്റെ പ്രതികരണമായതുകാരണം അടിമത്വത്തിൽ നിന്നും മോചനം ലഭിക്കുന്നതിന് തങ്ങളുടെ സർവ്വ കഴിവുകളും അവർ വിനിയോഗിക്കുന്നതാണ്. ഇതിന്റെ ഫലമായി മർദ്ദിതർ വിജയിക്കുമ്പോൾ അവരും അക്രമത്തിൽ മുന്നേറുന്നു. അതുകൊണ്ടാണ് ഞാൻ പറയുന്നത് മുസ്‌ലിം ലോകത്തിന് വേണ്ടി അഹ്മദികൾ കൂടുതലായി പ്രാർത്ഥിക്കണമെന്ന്.

*എല്ലാ നാടുകളും ഇതിന്റെ വലയത്തിൽ വന്ന് അക്രമത്തിന്റെ ഒരു നീണ്ട കഥ രചിക്കപ്പെടുന്നതിനുമുമ്പെ അല്ലാഹുതആലാ ഭരണകൂടങ്ങൾക്കും സാധാരണക്കാർക്കും ബുദ്ധി പ്രദാനം ചെയ്യുമാറാകട്ടെ. തഖ്‌വയുടെ മാർഗം സ്വീകരിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ.* മുസ്‌ലിം നേതൃത്വത്തിൽ തഖ്‌വയുണ്ടായിരുന്നുവെങ്കിൽ, യഥാർത്ഥ വിശ്വാസം ഉണ്ടായിരുന്നുവെങ്കിൽ, രാജ്യഭരണം എന്ന രീതിയിൽ ഭരണം നടത്തുന്ന സ്ഥലങ്ങളിലെ ഭരണാധികാരികളും ജനാധിപത്യത്തിന്റെ പേരിൽ ഭരണം നടത്തുന്ന രാഷ്ട്രീയ നേതാക്കന്മാരും തങ്ങളുടെ ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നവരായി മാറിയേനെ. ഇസ്‌ലാമിക നാടുകളിലെ സംഘടനകൾ വെറും പേരിനുള്ള സംഘടനകളാകുമായിരുന്നില്ല. മറിച്ച് മുസ്‌ലിം നാടുകളോട് നീതി പുലർത്തിക്കൊണ്ട് അവരെ സഹായിക്കുന്നവരായി ത്തീരുമായിരുന്നു. അവർ തങ്ങളുടെ താൽപര്യങ്ങളെ സംരക്ഷിക്കുന്നതിനായി ലോകത്ത് കുഴപ്പമുണ്ടാക്കുന്ന സംഘടനകളുമായി രഹസ്യധാരണകൾ ഉണ്ടാക്കുമായിരുന്നില്ല. അവർക്ക് യഥാർത്ഥ തഖ്‌വ ഉണ്ടായിരുന്നുവെങ്കിൽ ഇസ്‌ലാമികലോകത്ത് ഒരു ഏകസ്വരത കൈവന്നേനെ. ലോകത്തിന് മുന്നിൽ തങ്ങളുടെതായ സ്ഥാനം അവർ സ്ഥാപിച്ചേനെ.

ഏഷ്യ ഉപഭൂഖണ്ഡത്തിന്റെ വലിയൊരു ഭാഗത്തും മറ്റു ഉപഭൂഖണ്ഡങ്ങളുടെ ചില ഭാഗങ്ങളിലും ഇസ്‌ലാമിക ഭരണകൂടങ്ങൾ ഉണ്ട്. എന്നാൽ ലോകം ഈ നാടുകളെ പൊതുവിൽ ദരിദ്രനാടുകളുടെ ഗണത്തിലാണ് കൂട്ടിയിട്ടുള്ളത്. അതല്ലെങ്കിൽ ഇവ അവികസിത രാഷ്ട്രങ്ങളായാണ് അറിയപ്പെടുന്നത്. അതിൽ ചിലത് വികസ്വര രാഷ്ട്രങ്ങളായും അറിയപ്പെടുന്നു. ചിലരുടെ വശം എണ്ണപ്പണമുണ്ട്. അവരും വൻകിട ഭരണകൂടങ്ങളുടെ നിയന്ത്രണത്തിലാണ്. അവരുടെ ബജറ്റിന്റെയും അവർ മറ്റ് നാടുകളിൽ നൽകുന്ന കടങ്ങളുടേയും സഹായങ്ങളുടെ എല്ലാം കടിഞ്ഞാൺ അന്യരുടെ കൈകളിലാണ്. കാരണം ദൈവഭയമില്ലാത്തതിനാൽ അല്ലാഹുവിനെ ഭയപ്പെടാതെ ജനങ്ങളെ ഭയക്കുന്നു.അയോഗ്യതയും അജ്ഞതയും കാരണം, സ്വയം താൽപര്യങ്ങൾ സംരക്ഷിക്കുന്നതു കാരണം അവരുടെ സമ്പത്ത് സ്വന്തം നാട്ടിൽ ഉചിതമായ രീതിയിൽ വിനിയോഗിക്കുന്നതിനും ഇന്റസ്ട്രിക്കായി ഉപയോഗിക്കുന്നതിനും, കാർഷിക മേഖലയുടെ പുരോഗതിക്കായും ഒന്നും വിനിയോഗിക്കാൻ അവർക്ക് കഴിയുന്നില്ല. മുസ്‌ലിം നാടുകളിലെ പൊതുമുതൽ വിവിധ നാടുകളിലെ വ്യത്യസ്ഥ കാലാവസ്ഥ പരിഗണിച്ചുകൊണ്ട് വൈവിധ്യമാർന്ന കാർഷിക ഉൽപാദനത്തിന് ഉതകുന്നതാണ്. വിവിധ ഇനം പ്രകൃതി സമ്പത്തും മാനവശേഷിയും സമ്പന്നമായ ബുദ്ധിപരമായ കഴിവും മൂലം ലോകത്ത് മുസ്‌ലിംകൾക്ക് ഒരു മഹാവിപ്ലവം സംജാതമാക്കാൻ സാധിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ ഇവരുടെ താൽപര്യങ്ങളും പരിഗണനകളും എല്ലാം വ്യത്യസ്ഥമായിക്കഴിഞ്ഞിരിക്കുന്നതിനാൽ ഇതൊന്നും സംഭവിക്കാതെ പോകുന്നു. എന്തുകൊണ്ട് മുസ്‌ലിം നാടുകളിലെ ശാസ്ത്രജ്ഞന്മാരും ഗവേഷണപടുക്കളും തങ്ങളുടെ സമ്പുഷ്ടമായ ബുദ്ധിപരമായ കഴിവുകളെ വികസിത രാഷ്ട്രങ്ങളിൽ വിനിയോഗിക്കുന്നു. കാരണം അവർക്ക് അവരുടെ സ്വന്തം നാട്ടിൽ അർഹമായ പരിഗണന ലഭിക്കുന്നില്ല. സ്വന്തം നാട്ടിൽ അവരെ ഉപയോഗപ്പെടുത്തുന്നില്ല. അവർക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നില്ല. അവർ സ്വന്തം നാട്ടിൽ പുരോഗതിയിലേക്ക് മുന്നേറാൻ തുടങ്ങുമ്പോൾ നേതൃത്വത്തിന്റെയും ഭരണതന്ത്രജ്ഞരുടേയും വ്യക്തിതാൽപര്യങ്ങൾ അവരുടെ മുന്നോട്ടുള്ള കാൽവെപ്പിനെ തടയുന്നു.

ഇസ്‌ലാമിക രാഷ്ട്രങ്ങളിൽ മലേഷ്യ വികസിത രാഷ്ട്രമാണ്. ടെക്നോളജിയിൽ വളരെയേറെ മുന്നോട്ട് കുതിച്ച ഒരു രാഷ്ട്രമാണ്. എന്നാൽ വികസിത രാഷ്ട്രങ്ങൾ ഇവരെയും വികസ്വര രാഷ്ട്രത്തിന്റെ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവിടെയെല്ലാം ഉള്ള പ്രശ്നം തഖ്‌വ ഇല്ലാ എന്നതാണ്. തഖ്‌വ ഇല്ലായിരുന്നിട്ടും എല്ലാ കാര്യങ്ങളും ചെന്നെത്തുന്നത് ഇസ്‌ലാമിന്റെ പേരിലും. മൂല്യങ്ങളെല്ലാം മാറിമറിഞ്ഞിരിക്കുന്നു. നമുക്ക് പുരോഗതി കൈവരിക്കേണമെങ്കിൽ നമ്മുടെ മൂല്യങ്ങൾ നാം തിരിച്ചറിയണം.

ഇന്ന് നിലവിലുള്ള അവസ്ഥ എന്തുമാത്രം അസ്വസ്ഥജനകമാണ്. ഒരു ഭാഗത്ത് പറയുന്നത് മുഅ്മിൻ മുഅ്മിന്റെ സഹോദരനാണെന്നാണ്. ശരീരത്തിന്റെ ഒരവയവത്തിന് വേദന അനുഭവപ്പെടുമ്പോൾ മറ്റവയവങ്ങളും ആ വേദന അനുഭവിക്കുന്നു. **ഇന്നമൽ മുഅ്മിനൂന ഇഖ്‌വത്തുൻ** എന്ന് വിശുദ്ധ ഖുർആനിലും ഉള്ളതാണ്. വിശ്വാസികൾ പരസ്പരം സഹോദരങ്ങളാണ്. എന്നാൽ മിസ്റിൽ നിന്നും മറ്റു നാടുകളിൽ നിന്നും വരുന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ ഭരണകൂടം നിയമത്തിന്റെ തണലിൽ പൊതുജനങ്ങൾക്കെതിരിൽ നടപടി എടുത്തിരിക്കുകയാണ്. മാത്രമല്ല നാട്ടുകാരെ തമ്മിലടിപ്പിച്ചിരിക്കുക കൂടി ചെയ്തിരിക്കുന്നു. ഗവൺമെന്റ് തന്റെ അനുകൂലികൾക്ക് ആയുധം നൽകി അങ്ങനെ ജനങ്ങൾ തമ്മിലടിച്ചു. ഇതിന് വലിയൊരു പങ്ക് വഹിച്ചത് ഭരണകൂടമാണ്. മുസ്‌ലിം നാടുകൾ ജനാധിപത്യ ഭരണസംവിധാനം ഒരുക്കുമെന്ന് പ്രഖ്യാപിക്കുന്നുണ്ടങ്കിൽ ജനങ്ങൾ അക്രമാസക്തരായി പ്രതിഷേധിക്കാത്തിടത്തോളം കാലം ഗവൺമെന്റും സഹനം കൈകൊള്ളേണ്ടതാണ്. അവിടങ്ങളിൽ നിന്ന് വരുന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ പ്രതിഷേധ പ്രകടനത്തെ വകവരുത്താനായി ഭരണകൂടം എടുത്ത നടപടി കാരണം നൂറ്കണക്കിന് ജീവനുകളാണ് അവിടെ ഹോമിക്കപ്പെട്ടിരിക്കുന്നത്. ഒരു ഭാഗത്ത് പാശ്ചാത്യരെ അനുകരിച്ച് കൊണ്ട് ജനാധിപത്യ പ്രഖ്യാപനം നടത്തുന്നു. മറു ഭാഗത്ത് ക്ഷമ അൽപംപോലും കാണിക്കുന്നുമില്ല. ഇതിനെല്ലാമുപരി മുസ്‌ലിംകൾ മുസ്‌ലിംകളെത്തന്നെ ആക്രമിക്കുന്നു. ജനാധിപത്യത്തെ അനുകരിക്കണമെങ്കിൽ സഹനവും സ്വായത്തമാക്കേണ്ടതാണ്. ഇസ്‌ലാമിക നാടുകളിലുള്ള സംഘടനകൾക്ക് ഏതൊരു നിലപാടാണോ എടുക്കേണ്ടിയിരുന്നത് അത് അവർ എടുത്തില്ല. ഇസ്‌ലാഹിന് വേണ്ടി ഒന്നും ചെയ്തില്ല. ഇതെല്ലാം കുറച്ച് ആഴ്ചകൾക്ക് മുമ്പ് മിസ്റ്, ടുണീഷ്യ, ലിബിയ തുടങ്ങിയ മുസ്‌ലിം നാടുകളിലും നടന്നുകൊണ്ടിരിക്കുന്ന സംഭവവികാസങ്ങളാണ്. അതല്ലെങ്കിൽ മതമൗലീക വാദികളുടെ കരങ്ങളാൽ ഒരു ദീർഘകാലമായി അഫ്ഗാനിസ്ഥാനിലും പാക്കിസ്ഥാനിലും നടന്നുവരുന്നതാണ്. ഇവയെല്ലാം ഇസ്‌ലാമികലോകത്തിന്റെ ദുഷ്പേരിന് പാത്രമാവുകയാണ്. മുസ്‌ലീംകളോട് പരസ്പരം സഹോദര്യം നിലനിർത്തുക എന്ന് കൽപ്പിക്കപ്പെട്ടതിന്റെ പ്രത്യക്ഷ ലംഘനമാണ് നടക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഒരു സ്ഥലത്ത് പറഞ്ഞതുപോലെ ഇതിനെല്ലാം കാരണം തഖ്‌വ പൂർണ്ണമായും ഉയർന്നുപോയി എന്നതാണ്.

അതുകൊണ്ട് ഇസ്‌ലാമിന്റെ അഭിമാനം പുനഃസ്ഥാപിക്കുന്നതിന്നുവേണ്ടിയും നാടുകളിൽ സമാധാനം നിലനിറുത്തുന്നതിനുവേണ്ടിയും പൊതുജനങ്ങൾക്കും ഭരണാധികാരികൾക്കുമിടയിൽ ശാന്തി സ്ഥാപിക്കുന്നതിന്ന്വേണ്ടി തഖ്‌വയാണ് ആവശ്യം. എന്നാൽ ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കാൻ ആരും തയ്യാറാകുന്നില്ല. ശ്രദ്ധിക്കണമെങ്കിൽ തൗബയും ഇസ്തിഗ്ഫാറും ചെയ്തുകൊണ്ട് ഓരോകക്ഷിയും അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുക. തഖ്‌വയുടെ മാർഗങ്ങൾ അന്വേഷിക്കുക.

ظَهَرَ الْفَسَادُ فِي الْبَرِّ وَالْبَحْرِ കരയിലും കടലിലും ഫസാദിന്റെ അവസ്ഥ വന്നുകഴിഞ്ഞാൽ എന്തിനെയാണ് നാം അന്വേഷിക്കേണ്ടത്. വിശുദ്ധഖുർ ആനിൽ അതിനുള്ള പ്രതിവിധി പറയുന്നുണ്ട്. ഇക്കാര്യം തിരുനബി ﷺ യും വ്യക്തമാക്കിപ്പറഞ്ഞുതന്നിട്ടുണ്ട്. ഈ ഫസാദിനെ ദൂരീകരിക്കാനുള്ള ഒരേരു മാർഗം ആ കാലത്ത് വരുന്ന തിരുദൂതർ ﷺ ന്റെ മസീഹ് മൗഊദിനെ സ്വീകരിച്ച്കൊണ്ട് തിരുദൂതരുടെ സലാം അദ്ദേഹത്തിന് എത്തിക്കുക എന്നതാണ്. ഇതിലേക്ക് ശ്രദ്ധിക്കാത്തിടത്തോളം ഭൗതിക അത്യാർത്ഥി വർദ്ധിച്ചുകൊണ്ടേ ഇരിക്കും. ഇസ്ലാഹിനുള്ള മാർഗം തെളി യുന്നതിനുപകരം അന്ധകാരം വ്യാപിക്കും. ഇതുകൂടാതെ മറ്റൊരു പോം വഴിയുമില്ല. അല്ലാഹുവുമായി ബന്ധം സ്ഥാപിച്ചാൽ മാത്രമേ തഖ്‌വ സ്വായ ത്തമാകുകയുള്ളൂ. അല്ലാഹുവുമായുള്ള ബന്ധം ലഭിക്കൽ തിരുദൂതരും അല്ലാഹുവും പറഞ്ഞ മാർഗങ്ങൾ അവലംഭിക്കുമ്പോഴാണ്.

കഴിഞ്ഞ ദിവസം ആരോ വെബ്സൈറ്റിൽ നിന്നും ഒരു പ്രിന്റെടുത്ത് എനിക്ക് ഒരു ലേഖനം അയച്ചുതന്നു. അത് ഇംഗ്ലീഷിലാണ്. ആനുകാ ലിക സംഭവവികാസങ്ങളെ വിശകലനം ചെയ്തുകൊണ്ട് ഏതോ ഒരു മുസ്‌ലിം സംഘടന പറയുകയാണ്. ഇന്ന് മുസ്‌ലിം ലോകത്ത് കാണുന്ന ഈ പ്രതിസന്ധിക്കുള്ള ശാശ്വത പരിഹാരമെന്താണ്. അവർ എഴുതുന്നു.

(ചുരുക്കി വിവരിക്കാം) ''ലോകത്തുള്ള എല്ലാ മുസ്‌ലുംകളും മിസ്റ്, ടുണിഷ്യ എന്നിവിടങ്ങളിലെ സഹോദരീ സഹോദരന്മാർ തങ്ങളുടെ നാട്ടിലെ സ്വേച്ഛാധിപതികളായ ഭരണകൂടത്തിന്നെതിരിൽ നടത്തുന്ന സ്വാതന്ത്ര്യപോരാട്ടത്തിൽ വളരെ സന്തുഷ്ടരാണ്. ഈ സംഭവത്തെക്കു റിച്ച് ഞങ്ങളുടെ വീക്ഷണം ഇവിടെ രേഖപ്പെടുത്താൻ ആഗ്രഹിക്കുന്നു. അക്രമികളായ ഭരണാധികാരികൾക്കെതിരെ ശബ്ദമുയർത്തേണ്ടത് കാല ത്തിന്റെ ആവശ്യമാണെന്ന് തെളിഞ്ഞിരിക്കുന്നു. മിസ്ർ, ടുണീഷ്യ സംഭ വങ്ങൾ നമുക്ക് പറഞ്ഞുതന്നത് സ്വേച്ഛാധിപതികളായ ഭരണകർത്താ ക്കളെ സ്ഥാനഭ്രഷ്ടരാക്കാൻ കഴിയും എന്നാണ്.'' പാശ്ചാത്യ മാധ്യമങ്ങളെ പരാമർശിച്ചുകൊണ്ട് എഴുതുന്നു. ''ഇസ്ലാമിനെക്കുറിച്ച് ഇവർ ഉപയോ ഗിക്കുന്ന പദപ്രയോഗങ്ങൾ കാരണം ഇസ്ലാം ഒരു ഭീകരമതമായി ചിത്രീ കരിക്കപ്പെടുന്നു.''തുടർന്നെഴുതുന്നു; ''മുസ്‌ലിം ലോകം ഖിലാഫത്ത് സംവിധാനത്തെ സ്വീകരിക്കാൻ തയ്യാറല്ല. വിശുദ്ധ ഖുർആനിലും ഹദീ സിലും അതിനെയാണ് ജീവൻ നൽകുന്ന സംവിധാനമായി ചിത്രീകരി ച്ചിരിക്കുന്നത്. ഇസ്ലാമിക ജീവിതശൈലിയിൽ നിന്നും നിരാശരാക്കാ നുള്ള ഈ പ്രോപഗണ്ട കഴിഞ്ഞ പത്തുവർഷമായി നാം കാണുന്നു. പർദ്ദ യുടേയും വിശുദ്ധ ഖുർആന്റെയും ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹി (സ) യുടേയും ശരീഅത്തിന്റെയും പവിത്രതയെ കളങ്കപ്പെടുത്തുന്ന രീതി യിലാണ് ഈ ആക്രമണം അയിച്ചു വിടുന്നത്. ഇത് നിത്യ ജീവിതം മുതൽ രാഷ്ട്രതലത്തിൽവരെ ദുഃസ്വാധീനം ചെലുത്തുന്നുണ്ട്. ഇസ്ലാമിക ഭര ണത്തിൽ ഖിലാഫത്തിന്റെ സ്ഥാനം ഇസ്ലാമിക ഭരണത്തിൽ കേന്ദ്രീയ ശക്തിയാണ്. നമ്മുടെ ദീനിന്റെ ജീവനാണത്. ഇസ്ലാമിൽ ഐക്യം ഇതു മായി ബന്ധപ്പെട്ടുനിൽക്കുന്നു. മിസ്ർ, സുഡാൻ പോലുള്ള രാഷ്ട്രങ്ങ ൾക്കിടയിൽ ഐക്യം ഉണ്ടാക്കാൻ ഇതുമുഖേന സാധിക്കുന്നതാണ്.''

ഇസ്ലാമിക ഭരണരീതിയിൽ ഖിലാഫത്ത് ഒന്നമാത്രമാണ് ഭരണാധികാരി കളെ നിയന്ത്രിക്കാൻ കഴിയുന്ന ഏക സംവിധാനം. അവിടെ ഭരണാധികാ രികൾ തിരഞ്ഞെടുക്കപ്പെടുന്നു. അവർ ദേശത്തോട് മറുപടി പറയാൻ ബാധ്യസ്ഥരായിരിക്കും. നീതിന്യായ കോടതികളും മീഡിയകളും അവിടെ ഉണ്ടാകും. സ്ത്രീകൾക്ക് മാതാവ്, ഭര്യ, സഹോദരി, എന്നീ ഉന്നത പദവികൾ നൽകപ്പെടുന്നതാണ്. കറുത്തവർക്കും വെളുത്തവർക്കുമിടയിൽ വിവേ ചനം ഉണ്ടാകുകയില്ല. മതവൈപരീത്യം കാണിക്കാതെ ധനവാന്മാർക്കും ദരിദ്രർക്കുമെല്ലാം ഒരേ ഒരു നിയമമായിരിക്കും, അവിടെയുള്ള ഭരണകൂടം തദ്ദേശവാസികൾക്കായി ഭക്ഷണം വസ്ത്രം പാർപ്പിടം എന്നീ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതാണ്. ഈ ഒരു മാർഗത്തിലൂടെ ചരിച്ചുകൊണ്ട് മാത്ര മേ ഉമ്മത്തിന് ഇസ്ലാമിക സംസ്ക്കാരത്തിന്റെയും ആത്മീയതയുടേയും പ്രകാശം ലോകത്ത് ഒരിക്കൽകൂടി പ്രചരിപ്പിക്കുവാൻ കഴിയുകയുള്ളൂ.

ഇസ്ലാമിക സംവിധാനത്തിന്നായി പ്രോപഗണ്ട ചെയ്യാനും ഭൗതികസം വിധാനത്തിനെതിരെ പ്രതികരിക്കാനും അവർ മുസ്‌ലിംകളെ പ്രേരിപ്പി ക്കുന്നു. ഖിലാഫത്തിന്റെ സ്ഥാപനത്തിനായി പ്രയത്നിക്കുക. ഇതില്ലാതെ മുസ്‌ലിം ഉമ്മത്തിലും ലോകത്തും മാറ്റങ്ങൾ ഉണ്ടാകുകയില്ല. അവർ പറ ഞ്ഞതിന്റെ ചുരുക്കമാണിത്.

മുസ്‌ലിംകളെ ഐക്യപ്പെടുത്തുന്നതിനും നീതി നടപ്പിൽ വരുത്തുന്ന തിനും ലോകത്ത് സമാധാനം പുനഃസ്ഥാപിക്കുന്നതിനും ഖിലാഫത്ത് സംവിധാനം ഒന്ന്കൊണ്ട് മാത്രമേ സാധിക്കുകയുള്ളൂ എന്നും ഭരണാ ധികാരികളുടേയും പ്രജകളുടേയും കടമകളും അതനുസരിച്ച് പ്രവർത്തിക്കുന്നതിൽ ശ്രദ്ധ തിരിക്കാനും ഖിലാഫത്ത് സംവിധാനത്തി ലൂടെ മാത്രമേ ഫലപ്രദമായ രീതിയിൽ ചെയ്യാൻ സാധിക്കുകയുള്ളൂ എന്നും ശരിതന്നെ. എഴുതിയവർ വാസ്തവമാണ് എഴുതിയത്. ജനങ്ങൾ എഴുന്നേറ്റ് ഖിലാഫത്ത് വ്യവസ്ഥ പുനഃസ്ഥാപിക്കാൻ ശ്രമിക്കുക എന്ന അവരുടെ കാഴ്ചപ്പാട് തികച്ചും തെറ്റാണ്. ഖിലാഫത്ത് സംവിധാനവു മായി ഒട്ടിപ്പിടിച്ച് നിന്നാൽ മാത്രമേ മുസ്‌ലിം ഉമ്മത്തിന് രക്ഷയുള്ളൂ എന്ന ചിന്ത വാസ്തവമാണ്. ഞാൻ പറഞ്ഞതുപോലെ ഈ സംഘടന മുസ്‌ലിംക ളുടെ സ്ഥാനം അംഗീകരിക്കുന്നതിനും അവരെ നേരായ പന്ഥാവിൽ വഴിനടത്തുന്നതിനും പറഞ്ഞ മാർഗം ഇതുതന്നെയാണ്. എന്നാൽ ഇത് കരസ്ഥമാകുന്നത് മനുഷ്യരുടെ പ്രയത്നം കൊണ്ടല്ല. ഖിലാഫത്തെ റാശിദ മനുഷ്യപ്രയത്നം കൊണ്ടാണോ സ്ഥാപിക്കപ്പെട്ടത്? ഭയാനകമായ അവ സ്ഥയിലൂടെ കടന്നുപോയപ്പോൾ, അവശത അനുഭവപ്പെട്ടപ്പോൾ അല്ലാഹു വിശ്വാസികളുടെ ഹൃദയത്തിൽ സ്വാധീനമിട്ടുകൊണ്ട് ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് رضي الله عنه നെ ഖിലാഫത്തിന്നായി എഴുന്നേൽപ്പിക്കുക യുണ്ടായി. ഖിലാഫത്ത് എന്നത് അല്ലാഹുവിന്റെ വരദാനമാണ്. വിശ്വാസി കൾക്കുള്ള ഒരു സമ്മാനമാണ്. നബി ﷺ എനിക്ക് ശേഷം കുറച്ച്കാലം ഖിലാഫത്തെ റാശിദ നിലവിൽ വരുമെന്ന് പ്രവചിക്കുകയുണ്ടായി. അതി ന്ശേഷം വരുന്ന ഓരോ ഘട്ടവും അക്രമത്തിന്റെ കാലമായാണ് വിവരി ച്ചിട്ടുള്ളത്. പിന്നീട് പ്രതീക്ഷയുടെ ഒരു കിരണം കാണിക്കുകയുണ്ടായി. അത് വിശുദ്ധ ഖുർആന്റെ പ്രവചനമായ آخَرِينَ مِنْهُمْ لَمَّا يَلْحَقُوا بِهِمْ എന്നതിൽ കാണാവുന്നതാണ്. ഇതിന്റെ വിശദീകരണം തിരുനബി പറ ഞ്ഞത്, വാഗ്ദത്ത മസീഹ്, മഹ്ദിയുടെ ആഗമനമാണെന്നാണ്. വരുന്ന മസീഹ് അനറബിയും ഫാർസീ വംശജനുമായിരിക്കും. അദ്ദേഹത്തിന്റെ സ്ഥാനം നബി ﷺ യുടെ ദാസത്വവും മുദ്രയും കാരണം പുതിയ ശരീഅ ത്തില്ലാത്ത നുബുവ്വത്തിന്റെ സ്ഥാനമായിരിക്കും. മുസ്‌ലിംകൾക്ക് ഖിലാ ഫത്തിന്റെ പുനഃസ്ഥാപനത്തിന്നായി പരിശ്രമിക്കണമെന്നുണ്ടെങ്കിൽ ഈ മാർഗനിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഒരു രിവാ യത്തിൽ വരുന്നു. ഹദ്റത്ത് ഹുദൈഫ رضي الله عنه വിവരിക്കുന്നു. നബി ﷺ അരുളി: അല്ലാഹു ഇച്ഛിക്കുന്ന കാലമത്രയും നിങ്ങളിൽ നുബുവ്വത്ത് നിലനിൽക്കും. പിന്നീട് അല്ലാഹു അതിനെ ഉയർത്തും. തുടർന്ന് നുബു വ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് നിലവിൽവരും. അല്ലാഹു ഇച്ഛി ക്കുമ്പോൾ ഈ അനുഗ്രഹത്തേയും എടുത്ത് കളയുന്നതാണ്. പിന്നീട് അവന്റെ തീരുമാനപ്രകാരം ക്രൂരന്മാരായ രാജ്യഭരണങ്ങൾ വരുന്നതാണ്. ജനങ്ങൾ അതിനെ വെറുക്കുന്നതും പ്രയാസത്തിൽ അകപ്പെടുന്നതുമാ ണ്. ആ കാലം കഴിഞ്ഞാൽ അവന്റെ മറ്റൊരു തീരുമാനപ്രകാരം അതീവ നിഷ്ഠൂര ഭരണനേതൃത്വങ്ങൾ വരുന്നതാണ്. പിന്നീട് അല്ലാഹുവിന്റെ കാരുണ്യം അലതല്ലും. ഈ ക്രൂരതയുടെകാലം അല്ലാഹു അവസാനിപ്പി ക്കും. അതിനുശേഷം നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത്

നിലവിൽ വരും. ഇതുപറഞ്ഞതിനുശേഷം തിരുനബി മൗനം ദീക്ഷിച്ചു.

ഖിലാഫത്തിന്റെ പുനഃസ്ഥാപനത്തിനായി അല്ലാഹുവിന്റെ കാരുണ്യമാണ് അലതല്ലേണ്ടത്. അതല്ലാതെ ഗവൺമെന്റുകൾക്കെതിരിലുള്ള മുസ്‌ലിംകളുടെ ശക്തമായ പ്രതിഷേധങ്ങൾ മുഖേന ഖിലാഫത്ത് സ്ഥാപിക്കപ്പെടുകയില്ല. ഇവർ ഓരോ നാട്ടിലും ഖിലാഫത്ത് സ്ഥപിക്കുമോ? ഒരു സ്ഥലത്ത് സ്ഥാപിച്ചാൽ ഏതു കക്ഷിയുടെ കയ്യിലാണ് മുസ്‌ലിംകൾ ഒന്നിക്കുക. നമസ്ക്കാരത്തിന്റെ ഇമാമത്ത്പോലും ഒരു കക്ഷി മറ്റേ കക്ഷിയുടെത് അംഗീകരിക്കില്ല. ഇതിനുള്ള ഒരേഒരു പരിഹാരം ആദ്യം വാഗ്ദത്ത മസീഹിനെ അംഗീകരിക്കുക എന്നതാണ്. അതിനുശേഷം അദ്ദേഹത്തെ തുടർന്നുള്ള ഖിലാഫത്തിനെ അംഗീകരിക്കുക. ഈ ഖിലാഫത്ത് തീവ്രവാദികൾക്കെതിരിൽ ഭീകരപ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് ഉണ്ടായതല്ല. മുസ്‌ലിം കക്ഷികളുടെ ഇരുവിഭാഗങ്ങൾക്കിടയിൽ വെടിവെപ്പ് നടത്തിയും കൊലയും കൊള്ളയും നടത്തിയും സ്ഥാപിക്കപ്പെട്ടതല്ല. ഇത് അല്ലാഹുവിന്റെ കാരുണ്യം അലതല്ലിയതിലൂടെ സ്ഥാപിതമായ ഖിലാഫത്താണ്. അല്ലാഹുവിന്റെ കാരുണ്യവും അവന്റെ ഔദാര്യത്താലും ലഭിക്കപ്പെട്ട ഖിലാഫത്ത് മുസ്‌ലിം ഉമ്മത്തിന് സ്നേഹത്തിന്റെയും സൗഹാർദ്ധത്തിന്റെയും സന്ദേശം നൽകുക മാത്രമല്ല, ലോകത്തിനൊന്നാകെ ശാന്തിക്ക് കാരണമായിത്തീരുന്നതാണ്. ഭരണകർത്താക്കളെ നീതി നടപ്പിൽ വരുത്തുന്നതിലേക്കും അവരുടെ കടമ നിറവേറ്റുന്നതിലേക്കും ശ്രദ്ധക്ഷണിക്കുന്നതായിരിക്കും. പൊതുജനങ്ങളെ വിശ്വസ്ഥതയിലേക്കും കഠിനാധ്വാനത്തിലേക്കും പ്രേരിപ്പിക്കുന്നതായിരിക്കും.

ജമാഅത്തെ അഹ്മദിയ്യാ മുമ്പത്തെപോലെ ഇന്നും ലോകത്ത് വ്യാപിച്ചിരിക്കുന്ന സകല കുഴപ്പങ്ങൾക്കുമുള്ള പരിഹാരം സമർപ്പിക്കുന്നത്, ഉത്തമസമുദായമായിത്തീരാൻ ഒരു കൈയ്യിൽ ഒരുമിച്ച് ചേരുക എന്നതാണ്. അങ്ങനെ ലോകരുടെ ഹൃദയത്തിൽ നിന്നും ഭയം അകറ്റി അവർക്ക് ശാന്തിയുടേയും സ്നേഹത്തിന്റെയും പ്രേമത്തിന്റെയും വക്താക്കളായി മാറുക. അല്ലാഹുവുമായി ബന്ധം സ്ഥാപിച്ചുകൊണ്ട് ഇഹലോകവും പരലോകവും അലങ്കരിക്കുന്നവരായിത്തീരുക. അല്ലാഹുവിന്ന് താൻ ഉദ്ദേശിക്കുന്നവരെ ഇന്നും തന്റെ ഭാഷണത്താൽ അനുഗ്രഹിക്കാൻ കഴിവുള്ളവനാണെന്ന ദൃഢബോധ്യത്തിൽ ഉറച്ചുനിൽക്കുക. *അങ്ങനെ ഖൈറുൽ ഉമ്മത്തിന്റെ സ്ഥാനം എപ്പോഴും അടയാളങ്ങൾ പ്രകടമാക്കുന്നതായിത്തീരട്ടെ.* ഇതെല്ലാംതന്നെ കാലത്തിന്റെ ഇമാമുമായി ബന്ധപ്പെട്ടാൽ മാത്രമേ സാധ്യമാകുകയുള്ളൂ. മുസ്‌ലിംകളുടെ അവസ്ഥ ശരിയാകാനുള്ള ഒരേ ഒരു മാർഗവും ഇതുമാത്രമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഒരു സ്ഥലത്ത് പറയുന്നു.''ഈ വിനീതനും ഈ ഒരു പ്രവർത്തനത്തിനുവേണ്ടിയാണ് അയക്കപ്പെട്ടിരിക്കുന്നത്. വിശുദ്ധ ഖുർആന്റെ കൽപനകൾ വിവരിക്കുവാൻ വേണ്ടി. ഞാൻ സത്യമായും പറയുന്നു. മസീഹിന്റെ കൈകളാൽ ജീവിച്ചവർ മരിച്ചുപോയി. എന്നാൽ എന്റെ കരങ്ങളിൽ എനിക്ക് നൽകപ്പെട്ട പാനിയം കുടിക്കുന്നവർ ഒരിക്കലും മരിക്കില്ല. ജീവൻ പ്രതാനം ചെയ്യുന്ന എന്റെ വാക്കുകളും എന്റെ നാവിൽ നിന്നും വരുന്ന ഹിക്മത്തിന്റെ കാര്യങ്ങളും മറ്റുവല്ലവർക്കും പറയാൻ സാധിക്കുമെങ്കിൽ ഞാൻ അല്ലാഹുവിൽ നിന്നും വന്നവനല്ലെന്ന് മനസ്സിലാക്കുക. എന്നാൽ ഈ ഹിക്മത്തുകളും മഅ്രിഫത്തുകളും മൃതഹൃദയങ്ങൾക്ക് ജീവൻ നൽകുന്ന പാനീയമാണെങ്കിൽ അത് മറ്റു സ്ഥലങ്ങളിൽ നിന്ന് ലഭിക്കുന്നുമില്ലെങ്കിൽ ഈ ഉറവിടത്തെ നിങ്ങൾ നിഷേധിച്ചതിന്ന് ഒരുവിധ ഒഴികഴിവും നിങ്ങൾക്ക് സമർപ്പിക്കാനുണ്ടാവില്ല. ആകാശത്ത് തുറക്കപ്പെട്ടതിനെ ഭൂമിയിൽ അടക്കാൻ ആരാലും സാധ്യമല്ല. അതുകൊണ്ട് എന്നെ എതിർക്കാൻ ധൃതികൂട്ടല്ല. അറിഞ്ഞുകൊണ്ട് അല്ലാഹുവിന്റെ ഈ കൽപനക്ക് കീഴെ വരാതിരിക്കാൻ ശ്രദ്ധിക്കുക.'' അല്ലാഹു പറയുന്നു.

وَلَا تَقْفُ مَا لَيْسَ لَكَ بِهِ عِلْمٌ ۚ إِنَّ السَّمْعَ وَالْبَصَرَ وَالْفُؤَادَ كُلُّ أُولَٰئِكَ كَانَ عَنْهُ مَسْئُولًا ﴿٣٦﴾

നിനക്ക് അറിവില്ലാത്തതിന്റെ പിന്നാലെ പോകരുത്. ചെവിയും കണ്ണും ഹൃദയവുമെല്ലാം ചോദിക്കപ്പെടുന്നതാണ്.

ദുർധാരണയിലും ദുർഭാവനയിലും അതിരുകടക്കല്ല. നിങ്ങളുടെ വാക്കുകളാൽ നിങ്ങൾ പിടിക്കപ്പെട്ടേക്കാം. മുസ്‌ലിംകളെ! നിങ്ങൾ സത്യഹൃദയത്തോടെ അല്ലാഹുവിലും അവന്റെ പരിശുദ്ധ പ്രവാചകൻ ﷺ ലും ശരിക്കും വിശ്വസിക്കുന്നുണ്ടെങ്കിൽ, ദൈവിക സഹായം പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ ഓർക്കുക, സഹായത്തിന്റെ ആ ദിനങ്ങൾ ഇതാ വന്നെത്തിയിരിക്കുന്നു. ഈ പദ്ധതി മനുഷ്യ നിർമ്മിതമല്ല. മനുഷ്യന്റെ ഒരു പദ്ധതിയുമല്ല ഇതിന് തുടക്കം കുറിച്ചത്. മുമ്പെ പവിത്രഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ട പ്രഭാത കിരണങ്ങളാണ് നിങ്ങൾ ഈ കാണുന്നത്. അത്യാവശ്യമുള്ള ഘട്ടത്തിലാണ് അല്ലാഹു നിങ്ങളെ ഓർത്തത്. നിങ്ങൾ നാശത്തിന്റെ ഗർത്തത്തിലേക്ക് ആപതിക്കാനിരിക്കുകയായിരുന്നു. എന്നാൽ അവന്റെ വാത്സല്യകരങ്ങൾ നിങ്ങളെ പിടിച്ചെഴുന്നേൽപ്പിക്കുകയുണ്ടായി. അതിൽ കൃതജ്ഞത ഉള്ളവരായിത്തീരുക. നന്ദി പ്രകടിപ്പിച്ചുകൊണ്ട് തുള്ളിച്ചാടുക. നിങ്ങളുടെ നവോന്മേഷത്തിന്റെ ദിനങ്ങൾ ഇതാ സമാഗതമായിരിക്കുന്നു. പരിശുദ്ധരുടെ പാവന രക്തത്താൽ സേചനം ചെയ്യപ്പെട്ട തന്റെ ദീനിന്റെ തോട്ടത്തെ അല്ലാഹു ഒരിക്കലും പാഴാക്കാൻ ആഗ്രഹിക്കുന്നില്ല. അന്യ ജനങ്ങളുടെ മതങ്ങളെപ്പോലെ ഇസ്‌ലാമും പഴങ്കതകളുടെ ഒരു കൂട്ടമായിത്തീരാനും നവമായ ഒരടയാളവും ഇല്ലാത്തതാകാനും അവൻ ഒരിക്കലും ആഗ്രഹിക്കുന്നില്ല. അന്ധകാരം പൂർണ്ണപ്രതാപത്തിലെത്തുമ്പോൾ തന്റെ പ്രകാശം അവൻ ഇറക്കുന്നു.

അതുകൊണ്ട് അല്ലാഹുവിന്റെ കാരുണ്യം ഏതൊരു **ഖലീഫത്തുല്ലാ**യെയാണൊ അയച്ചത്, നമ്മുടെ വിശ്വാസമനുസരിച്ച് അദ്ദേഹം നബി ﷺ യുടെ പ്രവചനം പൂർത്തീകരിച്ചുകൊണ്ട് സുരയ്യയിൽ നിന്നും ഈമാനെ തിരിച്ചുകൊണ്ടുവരികയുണ്ടായി. ഇസ്‌ലാമിന്റെ യഥാർത്ഥ പ്രകാശത്തെ നമുക്ക് വ്യക്തമാക്കിത്തരികയുണ്ടായി.അദ്ദേഹത്തിനുശേഷം അദ്ദേഹത്തിന്റെ ഖിലാഫത്ത് പരമ്പര അദ്ദേഹത്തിന്റെ പ്രവചനപ്രകാരം സ്ഥാപിക്കപ്പെടുകയും ചെയ്തു. ഈ ഖിലാഫത്ത് സംവിധാനത്തെക്കുറിച്ച് ഹദീസ് ഞാൻ കേൾപ്പിക്കുകയും ചെയ്തതാണ്. വാഗ്ദത്ത മസീഹ് പറയുന്നു.''ഞാൻ പോയിക്കഴിഞ്ഞാൽ ഈ രണ്ടാം ഖുദ്റത്തിനെ നിങ്ങൾക്കായി അല്ലാഹു അയക്കുന്നതാണ്. അത് എപ്പോഴും നിങ്ങളോടൊപ്പമുണ്ടായിരിക്കും.''

ഞാൻ പറഞ്ഞതുപോലെ തിരുനബി ﷺ യും ഇത് പറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് അഹ്മദികൾക്ക് ഈ സന്ദേശം എവിടംവരെ എത്തിക്കാൻ കഴിയുമോ എത്തിക്കുക. അവരോട് പറയുക; നിങ്ങൾക്ക് നിങ്ങളുടെ നിലനിൽപ്പ് ഖിലാഫത്തിന്റെ കവചത്തിനകത്താണെന്ന് മനസ്സിലായിട്ടുണ്ടെങ്കിൽ തിരുനബി ﷺ യുടെ പ്രവചനപ്രകാരം ആ ഖിലാഫത്ത് ഇന്നിവിടെ നിലവിലുണ്ട്. ഇതിന്നായി ശക്തമായ പ്രക്ഷോപത്തിന്റെ ആവശ്യമില്ല. വെടിവെക്കേണ്ട ഒരു ആവശ്യവുമില്ല. അല്ലാഹുവിന്റെ ഔദാര്യം മുഖേന മാത്രമേ ഈ അനുഗ്രഹം ലഭിക്കുകയുള്ളൂ. അവന്റെ ഔദാര്യത്താലാണ് ഇത് നിലവിൽ വന്നതും. ജനങ്ങളുടെ പ്രയത്നത്താലോ പരിശ്രമത്താലോ അല്ല ഇത് സ്ഥാപിതമായിരിക്കുന്നത്. അത്കൊണ്ട് വരിക, ഈ ദൈവിക സംവിധാനത്തിന്റെ ഭാഗമായിത്തീർന്നുകൊണ്ട് മുസ്‌ലിം സമൂഹത്തിന്റെ സുദൃഢതക്ക് കാരണമായിത്തീരുക. അല്ലാഹുവിലുള്ള വിശ്വാസം പൂർണ്ണതയിലെത്തിക്കുവാനുള്ള ഒരേ ഒരു മാർഗം ഇത് മാത്രമെ ഉള്ളൂ. തിരുനബി ﷺ യോടുള്ള സ്നേഹം പ്രകടിപ്പിക്കാനും തിരുദൂതരോടുള്ള അനുസരണം യഥാർത്ഥ അർത്ഥത്തിൽ കാണിക്കാനുമുള്ള ഒരേ ഒരു മാർഗവും ഇതുതന്നെ. അല്ലാഹു മുസ്‌ലിംകൾക്ക് ഈ അടിസ്ഥാനതത്വം മനസ്സിലാക്കി

ക്കൊടുക്കട്ടെ. അങ്ങുമിങ്ങും കൈകാലിട്ടടിക്കുന്നതിനുപകരം അല്ലാഹു പറഞ്ഞ മാർഗം അവലംഭിക്കുവാൻ അവർക്ക് കഴിയുമാറാകട്ടെ.

ഇവർ സ്വയം പറഞ്ഞ ഒരു പരിഹാരമാർഗമായിരുന്നു ഇത്. ഇത് തികച്ചും ആത്മീയമായ മാർഗവുമാണ്. അല്ലാഹുവിന്റെ ഔദാര്യത്തെ മുസ്‌ലിം ഉമ്മത്തിൽ ആകർഷിക്കാൻ ഉതകുന്ന മാർഗംകൂടിയാണിത്. ഇക്കാര്യങ്ങളിലേക്ക് അവസരം കിട്ടുമ്പോഴെല്ലാം അഹ്മദികൾ മറ്റുള്ളവരുടെ ശ്രദ്ധ ക്ഷണിക്കാറുള്ളതാണ്. ശ്രദ്ധ ക്ഷണിക്കുന്നതുമായിരിക്കും. മസീഹ് മഹ്ദിയെ അംഗീകരിച്ചുകൊണ്ട് നിങ്ങളുടെ നിലനിൽപ്പിനുള്ള സംവിധാനം ഒരുക്കുക. ഞാൻ പറഞ്ഞതുപോലെ അഹ്മദികൾ ദുആയിലും കൂടുതലായി ശ്രദ്ധിക്കേണ്ടതാണ്. കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുകയും വേണം. ഇപ്രകാരം പ്രാർത്ഥിക്കുക. *അല്ലാഹു എല്ലാ മുസ്‌ലിം നാടുകൾക്കും ബുദ്ധിവൈഭവമുള്ള, നീതിബോധമുള്ള, ദൈവ ഭയമുള്ള നേതൃത്വങ്ങളെ നൽകുമാറാകട്ടെ.*

ഇപ്പോൾ എവിടെയെല്ലാം അസ്വസ്ഥത പ്രകടമാണോ അതല്ലെങ്കിൽ ബാഹ്യമായി സമാധാനം ദൃശ്യമാണോ അവിടെയുള്ള ഭരണാധികാരികളെല്ലാം വ്യക്തിതാൽപര്യങ്ങൾക്കാണ് മുൻഗണന നൽകുന്നതായി കാണുന്നത്. ഇനി ഭരണാധികാരികളാകാൻ സാധ്യതയുള്ളവരും വ്യക്തിതാൽപര്യങ്ങൾക്ക് മുൻതൂക്കം നൽകുന്നവരായാണ് കാണുന്നത്. മുഖം മാറുന്നുണ്ടെങ്കിലും ഭരണരീതി എല്ലാം ഒന്നുതന്നെ. ഇപ്പോൾ ചില നാടുകളിലെ ജനങ്ങളുടെ പ്രതികരണം പ്രകടമായിക്കഴിഞ്ഞു. വെള്ളം തലക്കുമീതെ എത്തിക്കഴിഞ്ഞിരിക്കുന്നു.അതിനാൽ അക്രമികളായ ഭരണത്തലവന്മാർപോലും ജനങ്ങളുടെ അവകാശ സംരക്ഷണത്തിന്റെ മുദ്രാവാക്യവുമായി രംഗത്ത് വന്നിരിക്കുകയാണ്. നേരത്തേതന്നെ ഇക്കാര്യങ്ങളെക്കുറിച്ച് ചിന്തിച്ചിരുന്നെങ്കിൽ നാടിന്റെ സമ്പത്തിന് ഇത്ര നാശനഷ്ടങ്ങൾ വരില്ലായിരുന്നു. ഇത്രയും ജീവൻ നഷ്ടപ്പെടുമായിരുന്നില്ല.

ഇപ്പോഴത്തെ അവസ്ഥവെച്ചുനോക്കുമ്പോൾ ഒരു രാജ്യവും തന്നെ സുരക്ഷിതമല്ലാതായിരിക്കുകയാണ്. ഏതു ശക്തികളാണ് പിന്നിൽ പ്രവർത്തിക്കുന്നതെന്നോ നാട്ടിൽ സമാധാനം കൊണ്ടുവരുന്നത് ഏതാണെന്നോ അധികാരകസേര പിടിച്ചെടുക്കാൻ ഏതാണ് പ്രവർത്തിക്കുന്നതെന്നോ, കുഴപ്പമുണ്ടാക്കുന്നതേതെന്നോ തിരിച്ചറിയാൻ കഴിയാതായിരിക്കുകയാണ്. ശക്തമായ രാജ്യഭരണമുള്ള സഊദി അറേബ്യയിൽ പോലും അയൽ രാജ്യങ്ങളിലുള്ള പൊതുജനപ്രക്ഷോപം കണ്ടിട്ട് അവർ തങ്ങളുടെ നാട്ടുകാർക്ക് വേണ്ടത്ര സുഖസൗകര്യങ്ങൾ നൽകുന്നതാണെന്ന് പ്രഖ്യാപിച്ചുകഴിഞ്ഞു. ഈ അവസ്ഥയിൽ ചില ശക്തികൾ വളർന്നുവരുന്നുണ്ട്. ഈ ശക്തികൾ പുതിയ സാധനസാമഗ്രികളുമായി രണാങ്കളത്തിൽ ഇറങ്ങാൻ പോവുകയാണെന്ന് നമുക്ക് പറയാം.

ഒരു കൂട്ടർ വൻശക്തികളെ ഇക്കാര്യം ധരിപ്പിക്കാൻ ശ്രമിക്കുന്നവരാണ്. അതായത് നിങ്ങൾ നിങ്ങളുടെ മുൻകാല സേവകരെ കണ്ടതാണ്. ഇനി ഞങ്ങളെയുമൊന്ന് പരീക്ഷിച്ചുനോക്കുക. അതല്ലെങ്കിൽ മുൻകാല ഭരണാധികാരികൾ തങ്ങളുടെ യജമാനന്മാരുടെ മുമ്പാകെ ചില മുഖങ്ങൾ സമർപ്പിച്ചിരിക്കുന്നു. എന്നിട്ട് അവർ പറയുന്നത്; ഇവർ വരുന്നതുകൊണ്ട് ഭരണനയത്തിൽ മാറ്റമൊന്നും ഉണ്ടാകില്ല.നിങ്ങളുടെ താൽപര്യങ്ങൾ ഇവർ സംരക്ഷിച്ചുപോരുന്നതാണ്. മുഖം മാറുന്നതിലൂടെ ജനങ്ങൾ സന്തുഷ്ടരാകും. കുറച്ചുകാലത്തേക്കെങ്കിലും അവർ സംതൃപ്തരായിരിക്കും. അസ്വസ്ഥത അകലുന്നതാണ്. എന്നാൽ ഇപ്പോൾ നിരീക്ഷകന്മാർ പ്രകടിപ്പിക്കുന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെ ചിന്താഗതി മാറിയിട്ടുണ്ടെന്നും ഈ അവസ്ഥയെ ദീർഘകാലം വെച്ചുപൊറുപ്പിക്കാൻ പറ്റില്ലെന്ന ബോധം ജനങ്ങളിൽ ഉണ്ടായിട്ടുണ്ടെന്നുമാണ്. അസ്വസ്ഥതയുടെ ഈ നാളുകൾ ദീർഘിക്കാൻ സാധ്യതയുണ്ട്.

ഭീഷണമായ മറ്റൊരു വസ്തുത കൂടി ഇവിടെ നാമ്പെടുക്കുന്നുണ്ട്. മതതീവ്രവാദ സംഘടനകൾ ഇതിനെ ചൂഷണം ചെയ്യുന്നതാണ്. അവർ ഇപ്പോൾ ചെയ്യുന്നുണ്ട്. തുടക്കത്തിൽ ഇവർ സന്തുലിതമായ നലപാട് സ്വീകരിച്ചേക്കാം. അതല്ലെങ്കിൽ ഞങ്ങൾ സന്തുലിത നിലപാടുള്ളവരാണെന്ന് ആദ്യമാദ്യം അവർ പ്രകടിപ്പിച്ചേക്കാം. പിന്നീടായിരിക്കും ശരിക്കുമുള്ള അവരുടെ കളി. ഇതുകാരണം മുസ്‌ലിംകൾക്ക് ലോകത്ത് വീണ്ടും ഭീഷണമായ അവസ്ഥ നേരിടേണ്ടിവരുന്നതായിരിക്കും. സാമ്രാജ്യത്തശക്തികൾ ഈ അവസരത്തിൽ ഒളിഞ്ഞിരിക്കുന്ന അജണ്ട വെച്ചുകൊണ്ട് പ്രവർത്തിക്കുന്നതാണെന്നത് വ്യക്തമാണ്. അതെല്ലാം മുസ്‌ലിംകൾക്ക് നഷ്ടം വരുത്താനെ ഉതകുകയുള്ളൂ. തങ്ങളുടെ താൽപര്യങ്ങൾ ചില പ്രത്യേക നാടുകളിൽ ഹനിക്കപ്പെടുന്നതിനെ ഒരിക്കലും വൻശക്തികൾ സമ്മതിക്കുകയില്ല. വൻശക്തികളുടെ പരസ്പരമുള്ള ശീതസമരങ്ങളാണ് ഇപ്പോൾ അതിന്റെ ഉച്ഛിയിൽ എത്തിക്കൊണ്ടിരിക്കുന്നത്. ഇതുകാരണം അസ്വസ്ഥതകളും വിവിധ ഗ്രൂപ്പുകളെ പിൻതുണച്ചുകൊണ്ട് കുഴപ്പങ്ങളും വ്യാപിച്ചുകൊണ്ടിരിക്കുന്നതാണ്.

മൂന്നാംകിട രാജ്യത്തിലെ ദരിദ്രനാടുകൾ, മുസ്‌ലിം നാടുകൾ എന്ന് തന്നെ പറയേണ്ടിവരും, അവരുടെ ആഭ്യന്തര കുഴപ്പങ്ങൾക്ക് കാരണം തന്നെ വൻകിട രാഷ്ട്രങ്ങളുടെ തമ്മിലടിയാണ്. ഞാൻ പറഞ്ഞതുപോലെ മുസ്‌ലിം രാഷ്ട്രങ്ങളെക്കുറിച്ചുള്ള വേദയാജനകമായ ദുഃഖം അവരുടെ രാഷ്ട്രനേതാക്കന്മാർ പൊതുവിൽ ജനങ്ങളുടെ അവകാശങ്ങൾ നൽകുന്നില്ല എന്നതാണ്. അഹങ്കാരവും അഹംഭാവവും വ്യക്തിതാൽപര്യങ്ങളും കാരണം അന്യരുടെ കയ്യിലെ കളിപ്പാട്ടങ്ങളായി അവർ മാറിയിരിക്കുന്നു. മുല്ലാക്കൾ തഖ്‌വ ഇല്ലാത്തവരായതുകാരണം ഇങ്ങനെയുള്ള സ്വേച്ഛാധിപതികളായ ഭരണകർത്താക്കളെക്കാളും അപകടകാരികളുമാണ്. രാജ്യത്തെയും ലോകത്തെയും ശാന്തിക്ക് ഇവർ വലിയ ഭീഷണിയായിത്തീരുന്നതാണ്. ഇത് വളരെ ഭീകരമായ ഒരവസ്ഥയിലേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ഇതിനെക്കുറിച്ച് ചിന്തിക്കുകയും കൂടുതൽ ദുആ ചെയ്യുകയും വേണ്ടത് അനിവാര്യമാണ്. അധികാരം കയ്യടക്കാനും വിഭവസമാഹാരങ്ങൾ കയ്യടക്കാനും ഓരോ ഭൂപ്രദേശത്തിന്റെയും പ്രാധാന്യം കണക്കിലെടുത്ത് ഓരോ ശക്തികളും ശ്രമിച്ചുവരികയാണ്. മുസ്‌ലിം ലോകത്ത് ആന്തരിക ശക്തികളുടെയും ബാഹ്യശക്തികളുടേയും മത്സരഓട്ടം തന്നെ നടന്നുകൊണ്ടിരിക്കുന്നു. ഇതെല്ലാം ആർക്കാണ് പിടിച്ചെടുക്കാൻ കഴിയുക എന്നതിനുള്ള തന്ത്രപ്പാടിലാണിവർ. ഇതുകാരണം പൊതുജനങ്ങളാണ് ഞെരുങ്ങി അമരുന്നത്. ആഭ്യന്തരകലാപങ്ങൾ ശക്തി കൈവരിക്കുമ്പോൾ തൽപരകക്ഷികൾ രാജ്യത്തെ എത്രയോ പിന്നിലേക്ക് കൊണ്ടുപോകുന്നു. ഇറാഖിനെക്കുറിച്ച് പണ്ട് പറയാറുണ്ടായിരുന്നത് അത് പുരോഗതിയുടെ പാതയിലാണെന്നാണ്. അവിടെ എത്തിയാൽ യൂറോപ്പിലെ ഏതോ വികസിത രാജ്യത്ത് എത്തിയ പ്രതീതിയായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ കഴിഞ്ഞ ഇരുപത് വർഷത്തെ അസ്വസ്തതയും കലാപവും യുദ്ധവും കാരണം അതിനെ ശവപ്പറമ്പാക്കിമാറ്റിയിരിക്കുന്നു. ഇറാഖിന്റെ ഈ അവസ്ഥക്ക് ശേഷം അറബ്നാടുകളിലും അറബ് നാടുകളോടു ചേർന്നുള്ള ആഫ്രിക്കൻ നാടുകളിലും അസ്വസ്ഥതയും അശാന്തിയും വർദ്ധിച്ചുവരികയും ചെയ്യുന്നു. വൻശക്തികൾ വിഭവങ്ങളിലും ഭൂപ്രകൃതിയിലും കണ്ണുംനട്ട് അവിടെ സ്ഥിരപ്രതിഷ്ഠ നേടാൻ ആഗ്രഹിക്കുന്നു. നാമധാരികളായ പല സംഘടനകളും അവിടം കാലുറപ്പിക്കാൻ ശ്രമിക്കുന്നു. ഇരുഭാഗത്ത്നിന്നും പൊതുജനങ്ങൽക്ക് വിജയപ്രതീക്ഷകളാണ് നൽകുന്നത്. രാഷ്ട്രീയ നേതൃത്വം വിശ്വസ്തരായിരുന്നെങ്കിൽ, രാഷ്ട്ര നേതാക്കന്മാർ തങ്ങളുടെ പ്രജകളുടെ യഥാർത്ഥ ഗുണകാംക്ഷികളായിരുന്നെങ്കിൽ അവരുടെ അവകാശങ്ങൾ സംരക്ഷിക്കുമായിരുന്നു. അങ്ങനെയാണെങ്കിൽ ഒരിക്കലും അസ്വസ്തത പടരുമായിരുന്നില്ല. തീവ്രവാദ സംഘടനകൾക്ക് വളരാനുള്ള അവസരവും ഉണ്ടാകുകമായിരുന്നില്ല. അതേപോലെ പുറം ശക്തികൾക്ക് തെറ്റായ രീതിയിൽ അവരുടെ

താൽപര്യങ്ങൾ നേടിയെടുക്കാനും സാധിക്കുമായിരുന്നില്ല.

ചുരുക്കത്തിൽ എല്ലാ സ്ഥലത്തും കണ്ടുവരുന്ന ഈ അക്രമ പ്രവർത്തനങ്ങൾ ലോകത്തെ നാശത്തിലേക്ക് കൊണ്ടുപോകുന്നതായാണ് മനസ്സിലാകുന്നത്. യഥാർത്ഥ തഖ്‌വ ഉണ്ടായിത്തീരുന്നില്ലെങ്കിൽ, നീതി നടപ്പിൽ വരുന്നില്ലെങ്കിൽ ഇന്നല്ലെങ്കിൽ നാളെ, ഈ നാശവും യുദ്ധവും ലോകത്തെ തന്റെ വരുതിയിൽ കൊണ്ടുവരുന്നതാണ്. ഒരു പക്ഷെ ഇതിനു കാരണക്കാർ ചില മുസ്‌ലിംനാടുകൾ തന്നെ ആയേക്കാം.

അതുകൊണ്ട് വളരെയധികം വ്യാകുലപ്പെടേണ്ട ഒരവസരമാണിത്. *അല്ലാഹു തആല മുസ്‌ലിം ലോകത്തിന് നീതിയിലധിഷ്ഠിതവും തഖ്‌വയിൽ ചരിക്കുന്നവരുമായ മാർഗദർശിയെ നൽകുമാറാകട്ടെ. അവർ* ***തആവനൂ അലൽ ബിർറി വത്വഖ്‌വാ*** *എന്ന വിശുദ്ധ ഖുർആന്റെ കൽപനയനുസരിച്ച് പ്രവർത്തിക്കുന്നവരായി നന്മയുടെ പേരിൽ സഹകരിക്കുന്നവരും സഹകരണം ആവശ്യപ്പെടുന്നവരുമാകട്ടെ.* തഖ്‌വയിൽ നിലനിന്നുകൊണ്ട് അവർ നന്മയിൽ സഹകരിക്കാൻ ജനങ്ങളോട് ആവശ്യപ്പെടുമ്പോൾ, നന്മയുടെ പേരിൽ അയൽവാസികളുമായി ബന്ധം സ്ഥാപിക്കുമ്പോൾ തഖ്‌വയിൽ നിലനിന്നുകൊണ്ട് സമസൃഷ്ടിസേവനം അവർ ചെയ്യുമ്പോൾ സമാധാനം സ്ഥാപിക്കപ്പെടുന്നതാണ്. നാട് പുരോഗതി പ്രാപിക്കുകയും ചെയ്യുന്നതാണ്. പൊതുവിൽ **തആവനൂ അലൽ ബിർറി വത്വഖ്‌വാ** എന്ന അവസ്ഥ കാണുന്നില്ല. എല്ലാ ദിക്കിലും കാണുന്നത് ظَهَرَ الْفَسَادُ فِي الْبَرِّ وَالْبَحْرِ എന്ന അവസ്ഥയാണ്. ഈ പരിതസ്ഥിതിയിൽ നമുക്ക് ചെയ്യാനുള്ളത് പ്രാർത്ഥന മാത്രമാണ്. ഏറിവന്നാൽ ഒരു ചെറിയ ന്യൂനപക്ഷംവരെ നമുക്ക് നമ്മുടെ ശബ്ദം എത്തിക്കാൻ സാധിച്ചേക്കാം. ഇന്ന് അഹ്‌മദികളാണ് ഈ ലോകത്തിന്റെ സമാധാനത്തിന്റെ ജാമ്യക്കാർ. ലോകത്തിന്റെ ഒഴുക്ക് എങ്ങോട്ടാണെന്ന് ഇന്ന് ലോകർക്കറിയാം. എന്നാൽ അഹ്‌മദികൾ ജീവനുള്ള അല്ലാഹുവിന്റെ ശക്തിപ്രഭാവങ്ങൾക്ക് അനുഭവ സാക്ഷികളാണ്. അല്ലാഹുവിന്റെ അസ്ഥിത്വത്തിലാണ് അവർ ആശ്രയം കണ്ടെത്തുന്നത്. അല്ലാഹുവിന്റെ ഖുദ്റത്തുകൾ അവർ കാണുന്നു. അല്ലാഹുവിന്റെ ഭയം മനസ്സിൽ സൂക്ഷിക്കാൻ അവർ ശ്രമിക്കുന്നു. ഇതിനുവേണ്ടി അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുകയാണ് വേണ്ടത്.

കുറച്ച് ദിവസം മുമ്പ് ഒരു ബംഗാളി പ്രൊഫസർ എന്നെ കാണാൻ വന്നിരുന്നു. അദ്ദേഹം ചോദിച്ചു. അഹ്‌മദിയ്യാ ജമാഅത്ത് ഭൂരിപക്ഷമായിക്കഴിഞ്ഞാൽ മറ്റു മതക്കാരോടും കക്ഷികളോടും അതിക്രമം കാണിക്കില്ല എന്നതിന് എന്താണ് ഗ്യാരണ്ടി ഉള്ളത്? ജനങ്ങളുടെ അവകാശം നൽകും എന്നതിനും എന്തുറപ്പാണ് ഉള്ളത്? ഞാനദ്ദേഹത്തോട് പറഞ്ഞത് ജനഹൃദയങ്ങളെ വിജയിച്ചുകൊണ്ട് ഭൂരിപക്ഷമായ സമൂഹം, ഭീകരവാദത്തിനുപകരം സ്നേഹത്തിന്റെ സന്ദേശം പ്രചരിപ്പിച്ചുകൊണ്ട് വിജയിച്ച സമൂഹം എങ്ങനെയാണ് അക്രമം പ്രവർത്തിക്കുക. അവർ സ്നേഹമല്ലെ വിതരണം ചെയ്യുക. കാരണം അവർ ലക്ഷ്യം വെക്കുന്നത് അല്ലാഹുവിന്റെ തഖ്‌വയായിരിക്കും. അല്ലാഹുവിന്റെ പ്രീതിയായിരിക്കും അവർ മുന്നിൽ കാണുന്നത്. അവർ നന്മയിൽ സഹകരിക്കുകയും സഹകരണം ആവശ്യപ്പെടുകയും ചെയ്യുന്നതാണ്. ഖിലാഫത്തിന്റെ ഈ സംവിധാനം നീതി നടപ്പിൽ വരുത്തുന്നതിനുള്ളതാണ്. മറ്റുള്ളവരുടെ അവകാശങ്ങൾ നേടിക്കൊടുക്കാനുള്ളതാണ്.അവകാശധ്വംസനത്തിനുള്ളതല്ല. ഖിലാഫത്തിന്റെ ബൈഅത്തിലുള്ള ഏതൊരു ഭരണകൂടവും സൃഷ്ടികളോടുള്ള കടമ നിർവ്വഹിക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നതായിരിക്കും. അവകാശം പിടിച്ചെടുക്കാനല്ല ശ്രമിക്കുക. മാനുഷിക വൈകല്യത്താൽ തെറ്റായ തീരുമാനം എടുത്തെന്നുവന്നേക്കാം. തഖ്‌വയുണ്ടെങ്കിൽ അതും പരിഹരിക്കപ്പെടുന്നതാണ്.

ചുരുക്കത്തിൽ മുല്ലാക്കളുടെ കുപ്രചാരണത്തിൽ കുടുങ്ങിയും ഭൗതികലോകത്തോടുള്ള ഭീതിയും കാരണം യഥാർത്ഥ മുസ്‌ലിംകളായ അഹ്‌മദികളെ ഭൂരിഭാഗം മുസ്‌ലിംകളും എതിർക്കുകയും അവരെ അക്രമത്തിന് കുറിമാനമാക്കുകയും ചെയ്തുവരുന്നു. ഇത് അവരുടെ രീതിയാണ്. അവരത് ചെയ്തുകൊള്ളട്ടെ. എന്നാൽ ഇന്നുള്ള മുസ്‌ലിം ലോകത്തിന്റെ അവസ്ഥ കണ്ട്കൊണ്ട് അഹ്‌മദികൾ അസ്വസ്ഥരാണ്. പലരും കത്തിലൂടെയും മറ്റും ഇത് എന്നോട് പങ്കിടുന്നുണ്ട്. മുസ്‌ലിം ലോകത്തിന്റെ അവസ്ഥ കണ്ട് ഞങ്ങൾ അസ്വസ്ഥരാണെന്ന് പറയുന്നു. അതുകൊണ്ട് നമ്മുടെ ജോലി ഏതവസ്ഥയിലും മുസ്‌ലിംകളുടെ കാര്യം ശ്രദ്ധിക്കുക എന്നതാണ്. അവരോട് സഹാനുഭൂതി പ്രകടിപ്പിക്കേണ്ടതാണ്. അവർക്ക്‌വേണ്ടി പ്രാർത്ഥിക്കേണ്ടതാണ്. ഇൻശാ അല്ലാഹ് നാം ഇത് ചെയ്തുകൊണ്ടിരിക്കുന്നതാണ്.

അവസാനമായി വീണ്ടും ഞാൻ പറയുകയാണ്. അറബ് നാടുകളിൽ താമസിക്കുന്ന അഹ്‌മദികൾ, വല്ലവിധത്തിലും അവിടങ്ങളിൽ സ്വാധീനമുള്ളവർ, ഇസ്‌ലാമിക ഭരണകൂടത്തിലെ രാഷ്ട്രീയ നേതാക്കളെയും രാഷ്ട്രത്തലവന്മാരേയും കണ്ട് കാര്യങ്ങൾ ധരിപ്പിക്കുക. നിങ്ങൾ ഇനിയും ശ്രദ്ധിച്ചിട്ടില്ലെങ്കിൽ നീതിയും തഖ്‌വയും സ്ഥാപിക്കാനായി കഴിവതും ശ്രമിച്ചിട്ടില്ലെങ്കിൽ, മുല്ലാക്കളുടെ നീരാളിപ്പിടിയിൽ നിന്ന് തങ്ങളെ രക്ഷിക്കുന്നില്ലെങ്കിൽ, ഭീകരസംഘടനകളെ സസൂക്ഷ്മം നിരീക്ഷിക്കുന്നില്ലെങ്കിൽ, മുല്ലായിസം ചില നാടുകളിൽ ഭരണം പിടിച്ചെടുക്കാൻ പൂർണ്ണമായും ശ്രമിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. പിന്നീട് മതത്തിന്റെ പേരിൽ പൊതുജനത്തെ അന്ധകാരത്തിലേക്ക് കൂപ്പുകുത്തിക്കുന്ന ഭയാനകമായ അവസ്ഥ സംജാതമാകുന്നതാണ്. മതത്തിന്റെ പേരിൽ ഒരു കക്ഷി മറു കക്ഷിയോട് അക്രമം പ്രവർത്തിച്ചുകൊണ്ടേ ഇരിക്കുന്നതാണ്. ഇതുമുഖേന വൻശക്തികൾക്ക് അങ്ങനെയുള്ള നാടുകളിൽ സ്വന്തം ഇഷ്ടപ്രകാരം സമാധാനം സ്ഥാപിക്കുക എന്ന പേരിൽ സ്ഥിരതാമസമാക്കാനുള്ള പ്രവേശന പാസ്സ് ലഭിക്കുന്നതാണ്. അവിടെ വന്നിരിക്കാനുള്ള ലൈസൻസ് അവർക്ക് ലഭിക്കും. ഇതുമുഖേന കുഴപ്പം വർദ്ധിക്കും. ജീവൻ നഷ്ടപ്പെടും, സമ്പത്ത് തകരും പ്രത്യക്ഷമോ പരോക്ഷമോ ആയ അടിമത്വത്തിന്റെ ചങ്ങലകളിൽ ബന്ധനസ്ഥരാകുന്ന അവസ്ഥയും വന്നെത്തിയേക്കാം. ഇങ്ങനെത്തന്നെയായിരിക്കും ഉണ്ടാകുക. എല്ലാറ്റിനുമുപരി ഒരു മഹായുദ്ധം ലോകത്തെ കീഴ്പ്പെടുത്തിയേക്കാം. *അല്ലാഹു കരുണ ചൊരിയുമാറാകട്ടെ. മുസ്‌ലിം ഉമ്മത്തിനും അവരുടെ വഴികാട്ടികൾക്കും ബുദ്ധി നൽകുമാറാകട്ടെ. കാര്യങ്ങൾ മനസ്സിലാക്കാനുള്ള കഴിവ് നൽകുമാറാകട്ടെ. അല്ലാഹുവിന്റെ ഭയം തങ്ങളുടെ മനസ്സിൽ ഉണ്ടാക്കുന്നവരാകട്ടെ.*


**HADHRAT MIRZA MASROOR AHMAD**
KHALIFATUL MASIH - V
on 25- 02- 2011 at London

വിവർത്തനം
**എം. നാസിർ അഹ്‌മദ് സാഹിബ് കൊടിയത്തൂർ**
മുബല്ലിഗ് എറണാകുളം, PHONE : 9497343704



Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by: **Majlis Khuddamul Ahmadiyya, North Kerala**